Malappuram District Police

# 20/11/2017 കൊണ്ടോട്ടി

നിശാപ്പാർട്ടികളില് ഉപയോഗിക്കുന്ന 16 ഗ്രാം മെഥിലീന് ഡയോക്സി ആംഫിറ്റമിന് (എം.ഡി.എ) ലഹരി മരുന്നുമായി കൊണ്ടോട്ടിയിൽ യുവാവ് പിടിയിൽ. നെടിയിരുപ്പ് സ്വദേശി മുജീബ് റഹ്മാന് എന്ന ബോംബെ നാണി(37) ആണ് കൊണ്ടോട്ടി സി.ഐ മുഹമ്മദ് ഹനീഫയുടെ നേതൃത്വത്തിലുള്ള പോലീസ് സംഘത്തിന്റെ പിടിയിലായത്. 24 പായ്ക്കറ്റുകളിലാക്കിയ നിലയിലാണ് 16 ഗ്രാം എം.ഡി.എ ഇയാളിൽ നിന്നും പോലീസ് കണ്ടെടുത്തത്. ഒരു ഗ്രാമിനു ലക്ഷങ്ങളുടെ വിലയുണ്ടെന്നു കരുതുന്നു. ഇതോടൊപ്പം 200 ന്റെ 10 വ്യാജ യു.എ.ഇ ദിർഹവും പ്രതിയില് നിന്നും കണ്ടെത്തിയിട്ടുണ്ട്. മുംബൈയിൽ നിന്ന് കരിപ്പൂര് വിമാനത്താവളം വഴി പുറത്തു കടന്ന സമയത്താണ് മുജീബ് റഹ്മാന് അറസ്റ്റിലായത്. എം.ഡി.എ മോളി എന്നാണ് ഈ ലഹരി വസ്തു അറിയപ്പെടുന്നത്. ആദം, ബീൻസ്, ഇ, എക്സ്, ലവ് ഡ്രഗ് തുടങ്ങിയ പേരുകളിലും ഇത് അറിയപ്പെടുന്നുണ്ട്. ശരീരത്തിന് അധിക സമയം ഉത്തേജനം ലഭിക്കാനാണ് ഈ ലഹരിമരുന്ന് ഉപയോഗിക്കുന്നത്. ഡി.ജെ പാർട്ടികളിലും വൻകിട ഹോട്ടലുകളിലെ നിശാ പാർട്ടികളിലുമാണ് എം.ഡി മയക്ക് മരുന്ന് കൂടുതലും ഉപയോഗിക്കുന്നത്. നിശാപാർട്ടികളില് കൂടുതലായി ഇവ ഉപയോഗിക്കുന്നതിനാൽ ക്ലബ് ഡ്രഗ് എന്നും ഇതിനെ വിളിക്കാറുണ്ട്. മുംബൈയിൽ നിന്നാണ് തനിക്ക് മയക്ക് മരുന്ന് ലഭിച്ചതെന്ന് പ്രതി ചോദ്യം ചെയ്യലിനിടെ വ്യക്തമാക്കിയിട്ടുണ്ട്. മൂന്ന് മണിക്കൂര് മുതല് ആറു മണിക്കൂർ വരെ ശരീരത്തിന് ഉത്തേജനം ലഭിക്കുന്ന മയക്കുമരുന്നാണിത്. എൽ.എസ്.ഡി പോലെയുള്ള ലഹരികൾ ഉണ്ടാക്കുന്ന വികാരമാണ് ഈ മരുന്നും മനുഷ്യശരീരത്തില് ഉണ്ടാക്കുന്നത്. കാസർഗോഡ്, കണ്ണൂർ, മലപ്പുറം, വളാഞ്ചേരിയിലും ഇയാൾക്ക് ബന്ധമുള്ളതായി സംശയിക്കുന്നുണ്ട്. വ്യാജ കറൻസിയുടെ ഉറവിടം തേടിയും അന്വേഷിച്ചു വരികയാണ്. ലക്ഷ്വറി കാറുകളുടെ വിൽപ്പനയുള്ള മുജീബ് റഹ്മാന് മയക്ക് മരുന്നിന്റെ ഏജന്റാണ്. രണ്ട് ഗ്രാം മെഥിലിൻ ഡയോക്സി ആംഫിറ്റമിന് കൈവശം വെക്കുന്നത് 10 വർഷം വരെ തടവ് ശിക്ഷ ലഭിക്കുന്ന കുറ്റമാണ്. 16 ഗ്രാമാണ് ഇയാളിൽ നിന്ന് കണ്ടെടുത്തത്. അറസ്റ്റിലായ മുജീബിനെ പിന്നീട് മലപ്പുറം കോടതിയിൽ ഹാജരാക്കി റിമാന്റ് ചെയ്തു.